**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1221** 06/02/2020 ലെ മറുപടി

**എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പൊതു പരീക്ഷകളുടെ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം : | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ എസ്.എസ്.എൽ. സി., ഹയർ സെക്കണ്ടറി പൊതു പരീക്ഷകൾ ഒരുമിച്ച് നടത്താൻ സർക്കാർ തീരുമാനിക്കാനിടയായ സാഹചര്യം, പരീക്ഷയ്ക്ക് വേണ്ടി ഒരുക്കിയ സംവിധാനങ്ങൾ എന്നിവ അറിയിക്കാമോ; | (എ) | ബഹു.ബാലാവകാശ കമ്മീഷന്റെ ഉത്തരവിന്റെയും രക്ഷിതാക്കളും അദ്ധ്യാപകരുമുൾപ്പെടെയുള്ള പൊതുസമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്നുയർന്ന അഭ്യർത്ഥനകളുടെയും അടിസ്ഥാനത്തിലാണ് പരീക്ഷകൾ ഒരുമിച്ച് നടത്താൻ തീരുമാനമായത്. പൊതുപരീക്ഷകൾ ഒരുമിച്ച് നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് (സാധാ) നം.5772 /2019/പൊവിവ, തീയതി 30.12.2019 പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരീക്ഷാകേന്ദ്രങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് എല്ലാ വിദ്യാലയങ്ങളിലേയ്ക്കും പരീക്ഷാ കമ്മീഷണർ സർക്കുലർ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാലയങ്ങളിലും തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | വളരെ പ്രധാനപ്പെട്ട രണ്ട് പൊതുപരീക്ഷകൾ, 39 കുട്ടികളെ ഒരേ ക്ലാസ് മുറിയിലിരുത്തി വ്യത്യസ്ത സമയദൈർഘ്യമുള്ള രണ്ട് പരീക്ഷകൾ ഒരുമിച്ച് നടത്തുന്നത് കുട്ടികളുടെ ഏകാഗ്രതയേയും, മാനസിക നിലയേയും ദോഷകരമായി ബാധിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | എസ്.എസ്.എൽ.സി. വിദ്യാർത്ഥികളെയും ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെയും 20,30 എന്ന ക്രമത്തിൽ ഇരിപ്പിടം ക്രമീകരിക്കാവുന്ന വിദ്യാലയങ്ങളിൽ നിലവിലെ രീതി തുടരുന്നതാണ്. സ്ഥല പരിമിതി നേരിടുന്ന വിദ്യാലയങ്ങളിൽ മാത്രമേ സെക്കണ്ടറി ഹയർ സെക്കണ്ടറി വിദ്യാർത്ഥി |

കളെ ഇടകലർത്തി ഇരിപ്പിടം ക്രമീകരിക്കുകയുള്ളൂ. രണ്ട് പരീക്ഷകൾ ഒരുമിച്ച് നടത്തുന്നത് കുട്ടികളുടെ ഏകാഗ്രതയേയും മാനസിക നിലയേയും ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

| | | | |
|---|---|---|---|
| (സി) | സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്ത പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളും, റഗുലർ വിദ്യാർത്ഥികളും എല്ലാമായി ആയിരത്തിലധികംപേർ മിക്ക വിദ്യാലയങ്ങളിലും പരീക്ഷ എഴുതുമ്പോൾ ഇതിനുള്ള സൗകര്യം ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് പരീക്ഷാ കേന്ദ്രമായി ഹൈസ്കൂൾ വിഭാഗം മാത്രമുള്ള പരീക്ഷാ കേന്ദ്രങ്ങളും അനുവദിക്കുന്നതാണ്. പൊതു പരീക്ഷയുടെ ക്രമീകരണങ്ങൾ മോണിറ്റർ ചെയ്യുന്നതിന് റവന്യൂ ജില്ലാതലത്തിൽ വകുപ്പുതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് ടീം രൂപീകരിക്കും. റവന്യൂ ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും മോണിറ്ററിംഗ് ടീം അംഗങ്ങൾ നേരിട്ട് സന്ദർശനം നടത്തി പരീക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തും. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് -എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളുടെ നടത്തിപ്പ് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

**സ.ഉ.(സാധാ) നം.5772/2019/പൊ.വി.വ** തീയതി,തിരുവനന്തപുരം, 30/12/2019

പരാമർശം:- 1 12.11.2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.4804/2019/പൊവിവ.

2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.11.2019 ലെ ഇ.എക്സ്/സിജിഎൽ1/39200/2019/സി.ജി.ഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി.പരീക്ഷ എല്ലാ ദിവസവും രാവിലെ ഹയർ സെക്കണ്ടറി പരീക്ഷയോടൊപ്പം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷ ഹയർ സെക്കണ്ടറിയോടൊപ്പം ഒരേ സമയം നടത്തുമ്പോൾ താഴെ പറയുന്ന മേഖലകളിൽ അനുകൂലമായ സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

**എസ്.എസ്.എൽ.സി. ചോദ്യപേപ്പർ സ്റ്റോറേജും വിതരണവും**

ഡി.ഇ.ഒ തലത്തിൽ നടത്തുന്ന ചോദ്യപേപ്പർ സോർട്ടിംഗ് നിലനിർത്തുകയും ട്രഷറിയിലും ബാങ്കിലും ചോദ്യപേപ്പർ മാറ്റുന്ന സംവിധാനത്തിന് പകരമായി സോർട്ട് ചെയ്ത ചോദ്യപേപ്പറുകൾ ക്ലസ്റ്റർ തലത്തിൽ പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്ക് സോർട്ടിംഗ് കഴിഞ്ഞ് പരമാവധി 2 ദിവസത്തിനകം സുരക്ഷിതമായി കവചിത വാഹനങ്ങളിൽ എത്തിക്കണം. ഇതിനായി ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ സ്കൂൾ ബസുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഉപയോഗിക്കാവുന്നതാണ്. ഹയർ സെക്കണ്ടറിയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും ചോദ്യപേപ്പർ വിതരണത്തിന് നിലവിൽ പിന്തുടരുന്ന സംവിധാനം നിലനിർത്താവുന്നതാണ്.

**ചോദ്യപേപ്പർ സുരക്ഷ**

മൂന്ന് വിഭാഗങ്ങളിലെയും ചോദ്യപേപ്പർ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പൽ എന്നിവർ നിശ്ചയിക്കുന്ന ഒരു സ്ട്രോംങ് റൂം കണ്ടെത്തേണ്ടതാണ്.മൂന്ന് വിഭാഗങ്ങൾക്കും എല്ലാ ദിവസത്തെയും ചോദ്യപേപ്പർ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ഇരട്ട പൂട്ടുള്ള അലമാരകൾ ഉണ്ടാകേണ്ടതാണ്. അതോടൊപ്പം തന്നെ ചോദ്യപേപ്പർ സൂക്ഷിക്കുന്ന മുറിയുടെ മുൻഭാഗത്തായി സി.സി.ടി.വി. സൗകര്യവും ഉറപ്പാക്കേണ്ടതാണ്. അധികമായി ആവശ്യം വരുന്ന ഫർണീച്ചർ (അലമാര), സി.സി.ടി.വി. സ്ഥാപിക്കുവാനുള്ള ചെലവ് എന്നിവ അതാത് പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പൽമാർ പി.ഡി.അക്കൗണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഹയർ സെക്കണ്ടറി/ഹൈസ്കൂൾ/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ക്ലാസ് ഫോർ ജീവനക്കാർക്ക് ചോദ്യപേപ്പർ സുരക്ഷയ്ക്കായി ഡ്യൂട്ടി നിശ്ചയിച്ച് നൽകേണ്ടതുമാണ്. തങ്ങളുടെ അധികാരപരിധിയിലെ എല്ലാ പരീക്ഷാകേന്ദ്രങ്ങളിലും മതിയായ പോലീസ് സുരക്ഷയ്ക്ക് ആവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഡി.ഡി.ഇ./ഡി.ഇ.ഒ./ആർ.ഡി.ഡി./എ.ഡി. എന്നിവർ ചെയ്യേണ്ടതാണ്.ഹയർ സെക്കണ്ടറി വിഭാഗം മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഉത്തരക്കടലാസ് വിതരണം ചെയ്യുന്ന മുറിയിലും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്ക് അയയ്ക്കുന്ന മുറിയിലും സി.സി.ടി.വി. സൗകര്യം ഏർപ്പെടുത്താവുന്നതാണ്.ചോദ്യപേപ്പറുകളുടെയും ഉത്തരക്കടലാസുകളുടെയും പൂർണ്ണ ഉത്തരവാദിത്വം ചീഫ് സൂപ്രണ്ടിലും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിലും നിക്ഷിപ്തമായിരിക്കും.

**ചീഫ്/ഡെപ്യൂട്ടി/ഇൻവിജിലേറ്റർ നിയമനം**

മൂന്ന് വിഭാഗത്തിനും പ്രത്യേകം പ്രത്യേകമായി ചീഫ് സൂപ്രണ്ടിനെയും, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിനെയും നിയമിക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ ഇൻവിജിലേറ്റർമാരെ നിയമിച്ച അതേ രീതിയിൽ ഹൈസ്കൂൾ വിഭാഗത്തിലേയ്ക്ക് ബന്ധപ്പെട്ട ഡി.ഇ.ഒ.യും ഹയർ സെക്കണ്ടറി വിഭാഗത്തിലേയ്ക്ക് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റും ഇൻവിജിലേറ്റർമാരെ നിയമിക്കേണ്ടതാണ്. എസ്.എസ്.എൽ.സി.യ്ക്ക് 20 കുട്ടികൾക്ക് 1 ഇൻവിജിലേറ്റർ എന്ന രീതിയിലും ഹയർ സെക്കണ്ടറിയ്ക്ക് 30 കുട്ടികൾക്ക് 1 ഇൻവിജിലേറ്റർ എന്നുള്ള രീതിയിലും റിസർവ്വ് ഇൻവിജിലേറ്റർമാരെ കൂടി ഉൾപ്പെടുത്തി നിയമനം നൽകേണ്ടതാണ്.

**മോണിറ്ററിംഗ് ടീം**

മൂന്ന് വിഭാഗങ്ങളിലെയും പരീക്ഷകൾ മോണിറ്റർ ചെയ്യുവാൻ ഓരോ വിഭാഗത്തിനും അധികാരമുണ്ടായിരിക്കും. നിലവിൽ ജില്ലാതലത്തിൽ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി,

വി.എച്ച്.എസ്.സി. വിഭാഗത്തിലേയ്ക്ക് പ്രത്യേകം പ്രത്യേകം സ്ക്വാഡുകളാണ് പ്രവർത്തിച്ചു വരുന്നത്. ഈ സ്ക്വാഡുകൾ ഏകോപിപ്പിക്കുകയും സ്ക്വാഡിന്റെ പുതിയ ഘടന പരീക്ഷാ കമ്മീഷണർ പുറപ്പെടുവിക്കുകയും ചെയ്യും.

വിദ്യാർത്ഥികളുടെ ഇരിപ്പിട ക്രമീകരണം

എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.സി. പരീക്ഷകൾ ഒരേ സമയം നടത്തുമ്പോൾ വിദ്യാർത്ഥികളുടെ ഇരിപ്പിട ക്രമീകരണത്തിൽ പരിമിതി നേരിടാമെന്നതിനാൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് പരീക്ഷാകേന്ദ്രമായി ഹൈസ്കൂൾ വിഭാഗം മാത്രമുള്ള പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കാവുന്നതാണ്.

എസ്.എസ്.എൽ.സി. വിദ്യാർത്ഥികളെയും, ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെയും 20, 30 എന്ന ക്രമത്തിൽ ഇരിപ്പിടം ക്രമീകരിക്കാവുന്ന വിദ്യാലയങ്ങൾക്ക് നിലവിലെ രീതി തുടരാവുന്നതാണ്. ഈ രീതിയിൽ ക്രമീകരണം നടത്തിയാൽ സ്ഥലപരിമിതി നേരിടുന്ന വിദ്യാലയങ്ങൾക്ക് എല്ലാ ക്ലാസ്സ് റൂമിലും 30 കുട്ടികൾ എന്ന രീതിയിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെ ഇടകലർത്തി ഇരിപ്പിടം ക്രമീകരിക്കാവുന്നതാണ്. ഇങ്ങനെ ക്രമീകരിക്കുമ്പോൾ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികളെ ഒരു ബഞ്ചിൽ 2 കുട്ടികൾ എന്ന രീതിയിൽ ആകെ 20 കുട്ടികളെയും നടുവിൽ ഒരു ഹയർ സെക്കണ്ടറി വിദ്യാർത്ഥിയെയും ക്രമീകരിക്കാവുന്നതാണ്. ഈ രീതിയിൽ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികളുടെ ക്രമീകരണം അവസാനിക്കുന്ന മുറയ്ക്ക് ഹയർ സെക്കണ്ടറി ഒന്നും രണ്ടും വർഷ വിദ്യാർത്ഥികളെ ഇടകലർത്തി ബാക്കി മുറികളിൽ ഇരിപ്പിട ക്രമീകരണം പൂർത്തീകരിക്കാവുന്നതാണ്.30 കുട്ടികളെ ഒരു ക്ലാസ്സ് റൂമിൽ ക്രമീകരിക്കുമ്പോൾ വീണ്ടും സ്ഥലപരിമിതി നേരിടുന്ന വിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറി ക്ലാസ്സ് റൂമുകളിൽ 3 ഡസ്കുകൾ അധികമായി ക്രമീകരിച്ച് 30-നു പകരം 39 കുട്ടികളെ ഒരു ക്ലാസ്സ് റൂമിൽ ക്രമീകരിക്കാവുന്നതാണ്.

തങ്ങളുടെ അധികാരപരിധിയിലെ പ്രിൻസിപ്പൽമാരുടെയും വൈസ് പ്രിൻസിപ്പൽമാരുടെയും യോഗം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആർ.ഡി.ഡി., എ.ഡി. എന്നിവർ സംയുക്തമായി വിളിച്ചു ചേർത്ത് ഓരോ വിദ്യാലയത്തിലെയും ഇരിപ്പിട ക്രമീകരണം സംബന്ധിച്ച് വ്യക്തമായ രൂപരേഖ തയ്യാറാക്കേണ്ടതാണ്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ശിപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി മുരളീധരൻ**

**സ്പെഷ്യൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ജോയിന്റ് ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

Signature valid

ഉത്തരവിൻ പ്രകാരം

Digitally signed by KAVITHA S

Date: 2019.12.30 16:44:29 IST

Reason: Approved

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ